പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

21.11.2019 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 6650

## കാലാവസ്ഥ മുന്നറിയിപ്പും മത്സ്യത്തൊഴിലാളികളുടെ ജോലിയും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി നിരന്തരമായി നൽകുന്ന ചുഴലി കൊടുങ്കാറ്റ് ജാഗ്രത നിർദ്ദേശം മൂലം കടലിൽ പോകുവാൻ കഴിയാതെ മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോൾ അവർ ഉപയോഗിക്കുന്ന യാനങ്ങളുടെ വിവരം രേഖപ്പെടുത്തുവാനായി മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.റ്റി രൂപകല്പന ചെയ്ത് നൽകിയിട്ടുണ്ടോ; ഇത് ഉപയോഗിച്ച് എത്ര മത്സ്യതൊഴിലാളികളുടെയും യാനങ്ങളുടെയും വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര), NIC യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 15904 യാനങ്ങളുടെ വിവരങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു. |
| (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് ജാക്കറ്റ് നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 40,000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് അനുമതി നൽകുകയും ഇതിൽ 26,311 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | നിരന്തരമായി ഉണ്ടാകുന്ന കാലാവസ്ഥ മുന്നറിയിപ്പ് മൂലം ജോലി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്ത് സഹായമാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (ഡി) | നിരന്തരമായി ഉണ്ടാകുന്ന കാലാവസ്ഥ മുന്നറിയിപ്പ് മൂലം ജോലി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്<br>മഹ ചുഴലിക്കാറ്റിന്റെയും അതിതീവ്ര ന്യൂന മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ മീൻ പിടിക്കാൻ പോകാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ഒരാഴ്ചത്തെ സൗജന്യറേഷനും ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് 2000/- രൂപ വീതവും അനുവദിച്ച് ഉത്തരവായിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ